പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*120.

8.2.2013- ൽ
മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് മുൻസർക്കാർ സ്വീകരിച്ച നടപടികളുമായി മുന്നോട്ട് പോകുവാൻ തയ്യാറാകുമോ ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ പൊതുവെ ബാധിച്ചിട്ടുള്ള നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് കാലാകാലങ്ങളിൽ വിവിധ സർക്കാറുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുൻ സർക്കാർ സ്വീകരിച്ചിട്ടുള്ള ചില നടപടികളും പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രത്യേകം ഉപസമിതികളെ നിയോഗിക്കുകയും ഈ സമിതികൾ ഇതിനകം സമർപ്പിച്ച ചില റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് സമഗ്രമായ പരിഷ്ക്കരണം ഏതെല്ലാം മേഖലകളിൽ ആവശ്യമാണെന്ന് കരുതുന്നു ; | (ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് താഴെപ്പറയുന്ന മേഖലകളിൽ എല്ലാ വിദ്യാഭ്യാസ തലങ്ങളിലും സമഗ്രമായ പരിഷ്ക്കരണം ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br>a .അടിസ്ഥാന സൗകര്യം<br>b.ഗവേഷണം.<br>c.അദ്ധ്യാപനം<br>d.വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം.<br>e. സ്വയംഭരണ കോളേജുകൾ<br>f. സർവ്വകലാശാലകളുടെ നടത്തിപ്പ്<br>g.അഫിലിയേഷൻ സമ്പ്രദായം<br>h.അദ്ധ്യാപകേതര ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ |

i.അക്കാദമിക് സ്വാതന്ത്ര്യം

j.സർക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം

k.അസസ്സ്മെന്റ് - അക്രഡിറ്റേഷൻ സംവിധാനം

l.സാങ്കേതിക വിദ്യകളുടെ ഉപയോഗം.

(സി) വിദ്യാർത്ഥി പ്രവേശനം, പാഠ്യപദ്ധതി രൂപീകരണം, അദ്ധ്യയനപ്രക്രിയ, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നയം വിശദമാക്കുമോ ?

(സി) വിദ്യാർത്ഥി പ്രവേശനം, പാഠ്യപദ്ധതി രൂപീകരണം, അദ്ധ്യയന പ്രക്രിയ, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങൾ കോഴ്സുകൾക്കും സ്ഥാപനങ്ങൾക്കുമനുസരിച്ച് വ്യത്യാസപ്പെടുന്നതാണ്. ഇവയിൽ കാലത്തിനനുയോജ്യമായ, ഗുണനിലവാരം ഉയർത്തുന്ന സമഗ്രമായ പരിഷ്കരണം ആവശ്യമാണെന്ന് കരുതുന്നു. ഇക്കാര്യത്തിൽ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ്/അക്കാഡമിക് കൗൺസിൽ എന്നിവയുടെ തീരുമാനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.